(ഡി) എല്ലാ ജാതികൾക്കും പ്രാതിനിധ്യം ഉണ്ട്.

(ഇ) മുകളിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യമുദിക്കുന്നില്ല.

മത്സ്യകർഷക വികസന ഏജൻസി

15 (2890) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യ വില്ലേജുകൾ കേന്ദ്രീകരിച്ച് മത്സ്യകർഷക വികസന ഏജൻസി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനംകൊണ്ട്, മത്സ്യ കർഷർക്ക് എന്തെങ്കിലും പ്രയോജനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മേൽനോട്ടത്തിൽ ജില്ലാ മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മത്സ്യകർഷക വികസന ഏജൻസികൾ മുഖേന മത്സ്യകർഷകർക്ക് താഴെപറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നു.

1. ഗുണമേന്മയുള്ള മത്സ്യകുഞ്ഞുങ്ങൾ ന്യായമായ വിലയ്ക്ക് കൃഷിയിടങ്ങളിൽ ലഭ്യമാകുന്നു.

2. നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നു.

3. മത്സ്യകുഞ്ഞിന്റെ വില, വളം എന്നിവയുടെ ചെലവിന്റെ 25% പരമാവധി 4000 രൂപ വരെ സഹായം ലഭ്യമാക്കുന്നു.

4. ശാസ്ത്രീയ മത്സ്യ കൃഷി/വിത്തുല്പാദനം എന്നിവയിൽ പരിശീലനം ലഭ്യമാക്കുന്നു.

5. പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ഹെക്ടറിന് 20,000 രൂപ വരെ സബ്സിഡി ലഭ്യമാക്കുന്നു.

6. തീറ്റ നിർമ്മാണ യൂണിറ്റിന് ഒരു ലക്ഷം രൂപാവരെ ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. ശുദ്ധജല ചെമ്മീൻ/മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 50,000 രൂപ വരെ സബ്സിഡി ലഭ്യമാക്കുന്നു.

8. ഹെക്ടർ ഒന്നിന് 3 ടൺ മത്സ്യത്തിൽ കൂടുതൽ ഉല്പാദിപ്പിക്കുന്ന കർഷകർക്ക് എയ്റേറ്റർ വാങ്ങുന്നതിന് 10,000 രൂപ സബ്സിഡി നൽകുന്നു.

നിലവിലില്ലാത്ത റോഡിന് ടെണ്ടർ ക്ഷണിച്ച നടപടി

16 (2891) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് കായംകുളം ദേവീകുളങ്ങര പഞ്ചായത്തിലെ കൊച്ചു വീട്ടിൽ മുക്ക്-താഴ്വേലി മണ്ണേൽമുക്ക് എന്ന നിലവിലില്ലാത്ത റോഡിന്റെ നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ടെണ്ടർ പിന്നീട് റദ്ദ് ചെയ്തിട്ടുണ്ടോ ;

(സി) മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനമില്ലാത്തതും സ്വകാര്യ ഭൂമിയിൽ എത്തി നിൽക്കുന്നതുമായ റോഡിന്റെ ടെണ്ടർ ഇത്തിക്കാത്തറ റോഡിന് വേണ്ടി മാറ്റി നൽകണമെന്ന നാട്ടുകാരുടെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) ഫിഷറീസ് റോഡ് നിർമ്മാണത്തിനുള്ള നിബന്ധനകൾ പൂർണ്ണമായും പാലിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കൊച്ചുവീട്ടിൽ മുക്ക്-താഴ്വേലി മണ്ണേൽമുക്ക് എന്ന റോഡിന്റെ നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചിരുന്നു.

(ബി) പരാമർശത്തിലുള്ള ടെണ്ടർ ചില സാങ്കേതിക കാരണങ്ങളാൽ റദ്ദ് ചെയ്യുകയും പിന്നീട് റീ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) കൊച്ചു വീട്ടിൽമുക്ക്-ഇത്തിക്കാത്തറ പുതുവൽ റോഡ് നിർമ്മാണ പ്രവർത്തി ഏറ്റെടുക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ചു വരികയാണ്.

(ഡി) റോഡ് നിർമ്മാണത്തിനുള്ള നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഫിഷറീസ് റോഡ് പദ്ധതി നടപ്പിലാക്കി വരുന്നത്.

മത്സ്യ കുഞ്ഞുങ്ങളെ പുഴകളിലും കടലിലും തുറന്നുവിടുന്ന പദ്ധതി

17 (2892) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യ കുഞ്ഞുങ്ങളെ പുഴകളിലും കടലിലും തുറന്നുവിടുന്ന പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഈ മത്സ്യ കുഞ്ഞുങ്ങളെ എത്രമാസത്തിനുശേഷം പിടിക്കാമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly